**ഇസ്‌ലാം സ്വീകരിക്കുന്നവർക്ക് മാത്രം സ്വർഗം.**
"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു."
(പരിശുദ്ധ ഖുർആൻ 3:19)

**അല്ലാഹുവിന്റെ പ്രീതി.**
(നബിയേ,) "പറയുക: അതിനെക്കാൾ (ആ ഇഹലോക സുഖങ്ങളെക്കാൾ) നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത് ഞാൻ പറഞ്ഞുതരട്ടെയോ? സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ റബ്ബിന്റ അടുക്കൽ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും (അവർക്കുണ്ടായിരിക്കും.) കൂടാതെ അല്ലാഹുവിന്റെ പ്രീതിയും. അല്ലാഹു തന്റെ ദാസൻമാരുടെ കാര്യങ്ങൾ കണ്ടറിയുന്നവനാകുന്നു."
(പരിശുദ്ധ ഖുർആൻ 3:15)

**ആശംസകൾ സമാധാനം എന്നതായിരിക്കും!**
"അതായത്, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരും, അവരുടെ പിതാക്കളിൽ നിന്നും, ഇണകളിൽ നിന്നും സന്തതികളിൽ നിന്നും സദ്‌വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നുവന്നിട്ട് പറയും: നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം! അപ്പോൾ ലോകത്തിന്റെ പര്യവസാനം എത്ര നല്ലത്!."
(പരിശുദ്ധ ഖുർആൻ 13:23,24)

"സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും. സ്ഥിരവാസത്തിനുള്ള തോട്ടങ്ങളിൽ വിശിഷ്ടമായ പാർപ്പിടങ്ങളും (വാഗ്ദാനം ചെയ്തിരിക്കുന്നു.) എന്നാൽ അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയാണ് ഏറ്റവും വലുത്. അതത്രെ മഹത്തായ വിജയം."
(പരിശുദ്ധ ഖുർആൻ 9:72)

**നല്ല കൂട്ടുകാർ**
"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!."
(പരിശുദ്ധ ഖുർആൻ 4:69)

**രാജകീയ ജീവിതം.**
"ഉന്നതമായ സ്വർഗത്തിൽ. അവിടെ യാതൊരു നിരർത്ഥകമായ വാക്കും അവർ കേൾക്കുകയില്ല. അതിൽ ഒഴുകി കൊണ്ടിരിക്കുന്ന അരുവിയുണ്ട്. അതിൽ ഉയർത്തിവെക്കപ്പെട്ട കട്ടിലുകളും, തയ്യാറാക്കി വെക്കപ്പെട്ട കോപ്പകളും, അണിയായി വെക്കപ്പെട്ട തലയണകളും, വിരിച്ചുവെക്കപ്പെട്ട പരവതാനികളുമുണ്ട്."
(പരിശുദ്ധ ഖുർആൻ 88: 10-16)

**ആഹാരം.**
"ഉന്നതമായ സ്വർഗത്തിൽ. അവയിലെ പഴങ്ങൾ അടുത്തു വരുന്നവയാകുന്നു. കഴിഞ്ഞുപോയ ദിവസങ്ങളിൽ നിങ്ങൾ മുൻകൂട്ടി ചെയ്തതിന്റെ ഫലമായി നിങ്ങൾ ആനന്ദത്തോടെ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക."
(പരിശുദ്ധ ഖുർആൻ 69:22-24)

"സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ എങ്ങനെയെന്നാൽ അതിൽ പകർച്ച വരാത്ത വെള്ളത്തിന്റെ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിന്റെ അരുവികളും, കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ അരുവികളും, ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളുമുണ്ട്. അവർക്കതിൽ എല്ലാതരം കായ്കനികളുമുണ്ട്. തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള പാപമോചനവുമുണ്ട്."
(പരിശുദ്ധ ഖുർആൻ 47:15)

**നിത്യവാസം.**
"വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തതാരോ അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും."
(പരിശുദ്ധ ഖുർആൻ 2:82)

**അവിശ്വാസികൾക്ക് നരകം!.**
"മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തു സൂക്ഷിച്ചുകൊള്ളുക. അവിശ്വാസികൾക്കുവേണ്ടി ഒരുക്കി വെക്കപ്പെട്ടതാകുന്നു അത്."
(പരിശുദ്ധ ഖുർആൻ 2: 24)

**അല്ലാഹുവേയും ദൂതനേയും ധിക്കരിക്കലും നിയമ പരിധികൾ ലംഘിക്കലും.**
"ആർ അല്ലാഹുവേയും അവന്റെ ദൂതനേയും ധിക്കരിക്കുകയും അവന്റെ നിയമപരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ് അവനുള്ളത്. "
(പരിശുദ്ധ ഖുർആൻ 4:14)

**നരക ശിക്ഷയുടെ കാഠിന്യം.**
"ആകാശം ഉരുകിയ ലോഹം പോലെ ആകുന്ന ദിവസം! പർവ്വതങ്ങൾ കടഞ്ഞരോമം പോലെയും. ഒരുറ്റ ബന്ധുവും മറ്റൊരു ഉറ്റബന്ധുവിനോട് (അന്ന്) യാതൊന്നും ചോദിക്കുകയില്ല. അവർക്ക് അന്യോന്യം കാണിക്കപ്പെടും. തന്റെ മക്കളെ പ്രായശ്ചിത്തമായി നൽകി കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ നിന്ന് മോചനം നേടാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് കുറ്റവാളി ആഗ്രഹിക്കും. തന്റെ ഭാര്യയെയും സഹോദരനെയും തനിക്ക് അഭയം നൽകിയിരുന്ന തന്റെ ബന്ധുക്കളെയും ഭൂമിയിലുള്ള മുഴുവൻ ആളുകളെയും. എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ എന്ന് സംശയം വേണ്ട, തീർച്ചയായും അത് ആളിക്കത്തുന്ന നരകമാകുന്നു. തലയുടെ തൊലിയുരിച്ചു കളയുന്ന നരകാഗ്നി."
(പരിശുദ്ധ ഖുർആൻ 70:8-16)

"തീർച്ചയായും അന്ത്യനാളിൽ നരകവാസികളിൽ ഏറ്റവും നിസ്സാരമായ ശിക്ഷയർഹിക്കുന്ന വ്യക്തി തീകൊണ്ടുള്ള രണ്ട് ചെരിപ്പുകളും ചെരിപ്പിൻവള്ളികളും ഉള്ളവനായിരിക്കും. അവരണ്ടും കാരണത്താൽ അയാളുടെ തലച്ചോർ തിളച്ചുമറിയും; ചീനച്ചട്ടി തിളക്കുന്നതുപോലെ. അയാൾ തന്നെക്കാൾ കഠിന ശിക്ഷയുള്ളവർ ആരുമുണ്ടാവില്ലെന്ന് വിചാരിക്കും. എന്നാൽ അയാളാകുന്നു ഏറ്റവും എളിയ ശിക്ഷയുള്ളവൻ."
(മുസ്‌ലിം 1:415)

**തൊലികൾ വേവിക്കൽ**
"തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തു പോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ചുകൊണ്ടിരിക്കുവാൻ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു."
(പരിശുദ്ധ ഖുർആൻ 4: 56)

**ചങ്ങലകൾ, വിലങ്ങുകൾ.**
"അതെ; അവരുടെ കഴുത്തുകളിൽ കുരുക്കുകളും ചങ്ങലകളുമായി അവർ ചുട്ടുതിളക്കുന്ന വെള്ളത്തിലൂടെ വലിച്ചിഴക്കപ്പെടുന്ന സന്ദർഭം. പിന്നീട് അവർ നരകാഗ്നിയിൽ എരിക്കപ്പെടുകയും ചെയ്യും."
(പരിശുദ്ധ ഖുർആൻ 40: 71-72)

**നരകവാസിയുടെ ഭക്ഷണം.**
"തീർച്ചയായും 'സക്കൂം' വൃക്ഷമാകുന്നു (നരകത്തിൽ) പാപിയുടെ ആഹാരം. ഉരുകിയ ലോഹം പോലിരിക്കും (അതിന്റെ കനി). ചൂടുവെള്ളം തിളയ്ക്കുന്നതുപോലെ അത് വയറ്റിൽതിളക്കും."
(പരിശുദ്ധ ഖുർആൻ 44:43-46)

"...അത്തരക്കാർക്കാകട്ടെ കൊടും ചൂടുള്ള വെള്ളമായിരിക്കും കുടിക്കാൻ നല്കപ്പെടുക. അങ്ങനെ അത് അവരുടെ കുടലുകളെ ഛിന്നഭിന്നമാക്കികളയും. "
(പരിശുദ്ധ ഖുർആൻ. 47: 15)

**നരകം അവിശ്വാസികൾക്ക് ശാശ്വത ഭവനമാണ്.**
നരകത്തിൽ പ്രവേശിക്കപ്പെട്ടവരിൽ തൗഹീദ് ഉൾക്കൊണ്ട പാപികൾ മാത്രമാണ് ശിക്ഷ കഴിഞ്ഞോ അല്ലെങ്കിൽ അല്ലാഹുവിന്റെ കാരുണ്യത്താലോ അതിൽനിന്ന് പുറത്തുകടക്കുകയുള്ളൂ. എന്നാൽ മുശ്‌രിക്കുകളും കാഫിരീങ്ങളും നരകത്തിൽ നിത്യനിവാസികളാണ്.
"അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ.,അവരതിൽ നിത്യവാസികളായിരിക്കും."
(പരിശുദ്ധ ഖുർആൻ 2:39)

## "സത്യവിശ്വാസം സ്വീകരിക്കുന്നത് വരെ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല."

**മുഹമ്മദ് നബി ﷺ**

(മുസ്‌ലിം 1:96)

1. മനുഷ്യൻ തന്റെ റബ്ബായ അല്ലാഹുവെ അറിയുക.
2. അവന്റെ ദൂതനായ പ്രവാചകനെ ﷺ അറിയുക.
3. അവന്റെ മതമായ ഇസ്‌ലാമിനെ തെളിവുസഹിതം മനസ്സിലാക്കുക.

WWW.KITHABUTHOUHEED.COM

"പരമകാരുണ്ണികനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ."

## അല്ലാഹു.

"പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.
അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.
അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല.
(ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും."

(പരിശുദ്ധ ഖുർആൻ: 112)

### എല്ലാം നിയന്ത്രിക്കുന്നവൻ

"അല്ലാഹു- അവനല്ലാതെ അരാധനക്കർഹനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ.
എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല.
അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ
അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട് ? അവരുടെ മുമ്പിലുള്ളതും അവർക്ക്
പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ
ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല.
അവന്റെ അർശ് ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു.
അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ."

(പരിശുദ്ധ ഖുർആൻ 2:255)

### സ്യഷ്ടാവ്.

"ആകാശങ്ങളും ഭൂമിയും മുറപ്രകാരം അല്ലാഹു സ്യഷ്ടിച്ചിരിക്കുന്നു.
തീർച്ചയായും അതിൽ സത്യവിശ്വാസികൾക്ക് ദ്യഷ്ടാന്തമുണ്ട്."

(പരിശുദ്ധ ഖുർആൻ 29:44)

"അവർക്കു മുകളിലുള്ള ആകാശത്തേക്ക് അവർ നോക്കിയിട്ടില്ലേ;
എങ്ങനെയാണ് നാം അതിനെ നിർമിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളതെന്ന്?
അതിന് വിടവുകളൊന്നുമില്ല. ഭൂമിയാകട്ടെ നാം അതിനെ വികസിപ്പിക്കുകയും, അതിൽ
ഉറച്ചുനിൽക്കുന്ന പർവ്വതങ്ങൾ നാം സ്ഥാപിക്കുകയും കൗതുകമുള്ള എല്ലാ
സസ്യവർഗങ്ങളും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.(സത്യത്തിലേക്ക്)
മടങ്ങുന്ന ഏതൊരു ദാസന്നും കണ്ടുമനസ്സിലാക്കുവാനും അനുസ്മരിക്കുവാനും വേണ്ടി."

(പരിശുദ്ധ ഖുർആൻ 50:6-8)

"ആകാശങ്ങളും, ഭൂമിയും അവൻ മുറപ്രകാരം സ്യഷ്ടിച്ചിരിക്കുന്നു.
നിങ്ങൾക്കവൻ രൂപം നൽകുകയും, നിങ്ങളുടെ രൂപങ്ങൾ
അവൻ നന്നാക്കുകയും ചെയ്തിരിക്കുന്നു. അവങ്കലേക്കാകുന്നു തിരിച്ചുപോക്ക്."

(പരിശുദ്ധ ഖുർആൻ 64:3)

"നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു. എന്നിട്ട് അതിൽ നാം
വെള്ളം വർഷിച്ചാൽ അതിന് ചലനമുണ്ടാവുകയും അത് വളരുകയും ചെയ്യുന്നു.
ഇതും അവന്റെ ദ്യഷ്ടാന്തങ്ങളിൽ പെട്ടതത്രെ.
അതിന് ജീവൻ നൽകിയവൻ തീർച്ചയായും മരിച്ചവർക്കും ജീവൻ നൽകുന്നവനാകുന്നു.
തീർച്ചയായും അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു."

(പരിശുദ്ധ ഖുർആൻ 41:39)

"അതെ, നിങ്ങൾക്ക് വേണ്ടി ഭൂമിയെ ഒരു തൊട്ടിലാക്കുകയും നിങ്ങൾ നേരായ മാർഗം
കണ്ടെത്താൻ വേണ്ടി നിങ്ങൾക്കവിടെ പാതകളുണ്ടാക്കിത്തരികയും ചെയ്തവൻ.
ആകാശത്ത് നിന്ന് ഒരു തോത് അനുസരിച്ച് വെള്ളം വർഷിച്ചു തരികയും ചെയ്തവൻ.
എന്നിട്ട് അത് മൂലം നാം നിർജീവമായ രാജ്യത്തെ പുനരുജ്ജീവിപ്പിച്ചു.
അത് പോലെ തന്നെ നിങ്ങളും (മരണാനന്തരം) പുറത്തു കൊണ്ടു വരപ്പെടുന്നതാണ്."

(പരിശുദ്ധ ഖുർആൻ 43:10,11)

### ഏറെ പൊറുക്കുന്നവൻ.

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ,
അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്.
തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്.
തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും."

(പരിശുദ്ധ ഖുർആൻ 39:53)

### അരാധനക്കർഹൻ,

"...അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ
വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്.
അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ."

(പരിശുദ്ധ ഖുർആൻ 22:62)

"അവനാണ് നിങ്ങളെ ഭൂമിയിൽ പിന്തുടർച്ചാവകാശികളാക്കിയത്.
നിങ്ങളിൽ ചിലരെ ചിലരെക്കാൾ പദവികളിൽ അവൻ ഉയർത്തുകയും ചെയ്തിരിക്കുന്നു.
നിങ്ങൾക്കവൻ നൽകിയതിൽ നിങ്ങളെ പരീക്ഷിക്കാൻ വേണ്ടിയത്രെ അത്.
തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയും കൂടിയാകുന്നു."

(പരിശുദ്ധ ഖുർആൻ 6:165)

"ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സ്യഷ്ടിച്ച നിങ്ങളുടെ
നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ
വേണ്ടിയത്രെ അത്."

(പരിശുദ്ധ ഖുർആൻ 2:21)

"(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവരെ
ആരാധിക്കുന്നതിൽ നിന്ന് തീർച്ചയായും ഞാൻ വിലക്കപ്പെട്ടിരിക്കുന്നു. പറയുക:
നിങ്ങളുടെ തന്നിഷ്ടങ്ങളെ ഞാൻ പിന്തുടരുകയില്ല.
അങ്ങനെ ചെയ്യുന്ന പക്ഷം ഞാൻ പിഴച്ചു കഴിഞ്ഞു;
സൻമാർഗം പ്രാപിച്ചവരുടെ കൂട്ടത്തിൽ ഞാൻ ആയിരിക്കുകയുമില്ല.."

(പരിശുദ്ധ ഖുർആൻ 6:56)

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും)
അടുത്തുള്ളവനാകുന്നു (എന്ന് പറയുക) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച്
പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട്
എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ.
അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്."

(പരിശുദ്ധ ഖുർആൻ 2:186)

"നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക്
ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ
നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച."

(പരിശുദ്ധ ഖുർആൻ 40:60)

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം
നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്?
അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു."

(പരിശുദ്ധ ഖുർആൻ 46:5)

"അവർ പങ്കുചേർക്കുന്നത് യാതൊന്നും സ്യഷ്ടിക്കാത്തവരെയാണോ?
അവർ (ആ ആരാധ്യർ) തന്നെ സ്യഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്.
അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (പങ്കാളികൾക്കു) സാധിക്കുകയില്ല.
സ്വദേഹങ്ങൾക്കു തന്നെ അവർ സഹായം ചെയ്യുന്നതുമല്ല."

(പരിശുദ്ധ ഖുർആൻ 7:191,192)

"പരമകാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞിരിക്കുന്നു.
തീർച്ചയായും നിങ്ങൾ ചെയ്തിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാകുന്നു.
അത് നിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടുകീറുകയും,
പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്യുമാറാകും.
(അതെ,) പരമകാരുണികന് സന്താനമുണ്ടെന്ന് അവർ വാദിച്ചത് നിമിത്തം.
സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണികന് അനുയോജ്യമാവുകയില്ല.
ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു ദാസനെന്ന നിലയിൽ
പരമകാരുണികന്റെ അടുത്ത് വരുന്നവൻ മാത്രമായിരിക്കും."

(പരിശുദ്ധ ഖുർആൻ 19:88-93)

"നീ അല്ലാഹുവോട് പങ്കുചേർക്കരുത്.
തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു."

(പരിശുദ്ധ ഖുർആൻ 31:13)

## മുഹമ്മദ് നബിﷺ

"മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു."

(പരിശുദ്ധ ഖുർആൻ 48:29)

"അദ്ദേഹം അല്ലാഹുവിന്റെ ദൂതനും
പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു.."

(പരിശുദ്ധ ഖുർആൻ 33:40)

"നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത
അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു.
അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും,
പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്."

(പരിശുദ്ധ ഖുർആൻ 33:45,46)

അബൂഹുറൈറؓ നിവേദനം: നബിﷺ ഇപ്രകാരം പറയുന്നതായി അദ്ദേഹം കേട്ടിട്ടുണ്ട്.
"ഒരാൾ ഇസ്ലാം മതം സ്വീകരിക്കുകയും നല്ല നിലക്ക് ഇസ്ലാമിക നടപടികളെല്ലാം
പാലിച്ചു പോരുകയും ചെയ്താൽ അയാൽ മുമ്പ് ചെയ്ത എല്ലാ കുറ്റങ്ങളും അല്ലാഹു
മായ്ച്ചുകളയുന്നതാണ്. അതിന് ശേഷം (ചെയ്യുന്ന തെറ്റുകൾക്ക്) ആണ് ശിക്ഷാനടപടി.
നന്മക്കുള്ള പ്രതിഫലം 10 ഇരട്ടി മുതൽ 700 ഇരട്ടി വരെയാണ്. തെറ്റുകൾക്ക്
തത്തുല്യമായ ശിക്ഷ മാത്രമെ നൽകുകയുള്ളു (ഇരട്ടിപ്പിക്കൽ ഇല്ല) അതു തന്നെ
അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നില്ലെങ്കിൽ മാത്രം."

(ബുഖാരി. 1.2.40)

ഇബ്നുഅബ്ബാസ്ؓ നിവേദനം: അബൂസുഫ്യാൻ എന്നോട് പറയുകയുണ്ടായി.
ഹിർഖൽ (ഹെർക്കുലീസ്) രാജാവ് അദ്ദേഹത്തോട് പറഞ്ഞു:
'നബിﷺയുടെ അനുയായികൾ വർദ്ധിക്കുകയാണോ അതോ കുറയുകയാണോ
എന്ന് ഞാൻ താങ്കളോട് ചോദിച്ചപ്പോൾ അവർ വർദ്ധിക്കുകയാണ് എന്നാണല്ലോ
താങ്കളുടെ മറുപടി, അങ്ങനെയാണ് സത്യവിശ്വാസം, അത് പൂർത്തിയാവുന്നതുവരെ.
ആ മതം സ്വീകരിച്ചശേഷം അതിനെ വെറുത്ത് ആരെങ്കിലും പിന്മാറുന്നുണ്ടോ
എന്ന് ചോദിച്ചപ്പോഴും ഇല്ല എന്നാണ് താങ്കൾ മറുപടി പറഞ്ഞത്.
അങ്ങനെ തന്നെയാണ് സത്യവിശ്വാസം. അതിന്റെ പ്രസന്നത മനസ്സുമായി കലർന്നാൽ
ആരും അതിനെ വെറുക്കുകയില്ല."

(ബുഖാരി. 1.2.48)

"..തന്റെ വ്യക്തിപരമായ കാര്യങ്ങളിൽ നബിﷺ
ഒരിയ്ക്കലും പ്രതികാര നടപടിയെടുത്തിരുന്നില്ല... "

(ബുഖാരി. 4.56.760)

"അനസ്ؓ നിവേദനം: പ്രവാചകൻﷺ അരുളി: "സ്വന്തം പിതാവിനേക്കാളും
സന്താനങ്ങളേക്കാളും സർവ്വജനങ്ങളേക്കാളും പ്രിയപ്പെട്ടവൻ ഞാനാകുന്നത് വരെ
നിങ്ങളിലാരും സത്യവിശ്വാസി ആവുകയില്ല."

(ബുഖാരി. 1.2.14)

അനസ്ؓ പറയുന്നു: നബിﷺക്ക് പത്തുവർഷം ഞാൻ പരിചരിച്ചിട്ടുണ്ട്.
അതിനിടക്ക് ഒരിക്കലും അവിടുന്ന് എന്നോട് ഛേ! എന്നോ നീ എന്തിനതുചെയ്തു?
നിനക്ക് ഇപ്രകാരം ചെയ്യാമായിരുന്നില്ലേ? എന്നോ പറഞ്ഞിട്ടില്ല.

(ബുഖാരി. 8.73.64)

അനസ്ؓ നിവേദനം: നബിﷺ ഞങ്ങളുമായി ഇടകലർന്നുകൊണ്ട് ജീവിച്ചിരുന്നു.
ചിലപ്പോൾ അവിടുന്ന് എന്റെ കൊച്ചു സഹോദരനോട് ചോദിക്കും.
അബൂഉമൈർ! നിന്റെ കുരുവി എങ്ങനെയുണ്ട്?

(ബുഖാരി. 8.73.150)

"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദ്യഷ്ടാന്തങ്ങൾ അവർക്ക്
വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക്
വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ
നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ.
തീർച്ചയായും അവർ മുമ്പ്വ്യക്തമായ വഴികേടിലായിരുന്നു."

(പരിശുദ്ധ ഖുർആൻ 62:2)